യിട്ടുണ്ട്. സെൽഫ് എംപ്ലോയ്മെൻറ് എന്നുള്ള നിലയിൽ വരുന്നതാണ് പെഹിക്കാം ലോൺ. പക്ഷെ സെൽഫ് എംപ്ലോയ്മെൻറ് എന്നു പറഞ്ഞ് ലോണെടുത്തിട്ട് ആരുമുഴുവൻ കെ. എഫ്. സി. ക്ക് വിട്ടുകൊടുക്കുന്ന, സാഹചര്യമുണ്ടാകരുത്. അതുകൊണ്ട് കഴിയുന്നത്ര ഉദാരമായ മനോഭാവം സ്വീകരിക്കുന്നതാണ്.

ഉപഭോക്തൃ പ്രസ്ഥാനം

* 213. [234] ശ്രീ. പി. പി. തങ്കച്ചൻ :
,, സ്റ്റീഫൻ പാടുവ :
,, കെ. രാഘവൻ മാസ്റ്റർ :
,, പന്തളം സുധാകരൻ :
,, എൻ. ശക്തൻ നാടാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ഉപഭോക്തൃ പ്രസ്ഥാനം രൂപീകരിക്കാൻ ഉദ്ദേശമുണ്ടോ.;

(ബി) ഉണ്ടെങ്കിൽ ഈ സംവിധാനത്തിന്റെ വിശദരൂപം എന്തെന്ന് വ്യക്തമാക്കാമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് വിവിധ മേഖലകളിൽ ഉപഭോക്തൃ സംരക്ഷണ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും ശക്തമായ ഒരു ഉപഭോക്തൃ പ്രസ്ഥാനം കെട്ടിപ്പടുക്കുകയും ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ട് ഒരു സംസ്ഥാന ഉപഭോക്തൃ സംരക്ഷണ കൗൺസിൽ രൂപീകരിക്കുവാനുള്ള നിർദ്ദേശം ഗവൺമെൻറിന്റെ പരിഗണനയിലുണ്ട്. ഇതു സംബന്ധിച്ച ഒരു കരടുബിൽ ഇൻഡ്യാ ഗവൺമെൻറിന്റെ പരിഗണനയിലിരിക്കുകയാണ്. ഈ ബിൽ നിയമമാവുമ്പോഴും അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തും ഈ പ്രസ്ഥാനം ശക്തിപ്പെടുത്തുവാനാവശ്യമായ നിയമനടപടികളെടുക്കുന്നതാണ്.

ശ്രീ. സ്റ്റീഫൻ പാടുവ : സർ, ഈ പ്രസ്ഥാനം കൊണ്ട് ഉപഭോക്താക്കളുടെ പരാതികളും ക്ലേശങ്ങളും പരിഹരിക്കുവാൻ കഴിയുമെന്ന് ഗവൺമെൻറ് പ്രതീക്ഷിക്കുന്നുണ്ടോ ?

ശ്രീ. യു. എ. ബീരാൻ : ഉപഭോക്താക്കളുടെ സംരക്ഷണത്തിനുവേണ്ടിയുള്ളതാണ് ഈ പ്രസ്ഥാനം.

ശ്രീ. കെ. രാഘവൻ മാസ്റ്റർ : ഈ സംവിധാനം കൊണ്ട് ഉപഭോക്താക്കൾക്ക് എന്തൊക്കെ ഗുണങ്ങളാണ് ഉണ്ടാക്കാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. യു. എ. ബീരാൻ : ഉപഭോക്താക്കൾക്ക് ഇന്ന് പല വിധത്തിലുള്ള ബുദ്ധിമുട്ടുകളുണ്ട്. അളവു തൂക്കങ്ങളിൽ കുറവ് വരുത്തുന്നുണ്ട്. ഈ അളവു തൂക്കങ്ങളിൽ കുറവു വരുത്തുന്നതിന്റെ ഫലമായി മാത്രം ഇൻഡ്യയിലൊട്ടാകെ ഒരു കൊല്ലത്തിൽ ഈ മാതിരി 1600 കോടി രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly

കണക്കിൽ ജനങ്ങളെ കബളിപ്പിക്കുന്നുണ്ട്. അങ്ങനെ അളവു തൂക്കങ്ങളിൽ കുറവ്, മായം ചേർക്കൽ, വിലയുടെ തോത്—ഈ വക കാര്യങ്ങളിലെല്ലാം ഉപഭോക്താക്കൾക്ക് സംരക്ഷണം നൽകാൻ ഉദ്ദേശിച്ചുകൊണ്ടാണ് ഇത് ചെയ്യുന്നത്.

ശ്രീ. എൻ. ശക്തൻ നാടാർ : ഉപഭോക്തൃ പ്രസ്ഥാനം എത്ര മാസത്തിനകം നടപ്പിലാകുമെന്ന് പറയാമോ ?

ശ്രീ. യു. എ. ബീരാൻ : അതാണ് ഞാൻ പറഞ്ഞത്, ഇൻഡ്യാ ഗവൺമെൻറിൽ ഇതു സംബന്ധിച്ച് ഒരു നിയമം കൊണ്ടുവരാൻ പോകുന്നു. ആ നിയമം വന്നശേഷം സംസ്ഥാനങ്ങളിലും അതുപോലെയുള്ള നിയമം കൊണ്ടുവരണമെന്നും കൗൺസിൽ രൂപീകരിക്കണമെന്നുമാണ് നിർദ്ദേശം. അതിനിടയിൽ ഒരു അഡ്വൈസറി കൗൺസിൽ സ്വസ്ഥാനത്ത് രൂപീകരിച്ചാൽ തരക്കേടില്ലെന്നാണ് അഭിപ്രായം.

ശ്രീമതി കെ. ആർ. ഗൗരി : ഉപഭോക്തൃ സംഘടനകൾക്ക് ഗ്രാൻറ് കൊടുക്കണമെന്നും ആ ഗ്രാൻറ് കൊടുക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെൻറ് 50 ശതമാനം തുക ഓരോ കൊല്ലവും അലോട്ട് ചെയ്തും വച്ചിട്ടുണ്ട്. ആ തുക ഈ സംസ്ഥാനത്ത് ഇതുവരെ ഉപയോഗിക്കാതെ വന്നത് എന്തുകൊണ്ടാണ് ?

ശ്രീ. യു. എ. ബീരാൻ : കേന്ദ്ര ഗവൺമെൻറാണ് ഗ്രാൻറ് കൊടുക്കുന്നത്. ഉപഭോക്തൃ സംരക്ഷണ സംഘടനകൾക്ക് കേന്ദ്ര ഗവൺമെൻറിനെ സമീപിക്കാവുന്നതും ഗ്രാൻറ് അവരിൽ നിന്ന് വാങ്ങാവുന്നതുമാണ്.

കോൾകൃഷി വികസന പദ്ധതി

* 214. [235] ശ്രീ. പി. കുമാരൻ :
,, കെ. പി. പ്രഭാകരൻ :
,, എ. കെ. കേശവൻ :
,, കാനം രാജേന്ദ്രൻ :
,, വി. കെ. രാജൻ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ കോൾകൃഷി വികസന പദ്ധതിയനുസരിച്ച് എത്ര കിലോമീറ്റർ ബണ്ടു നിർമ്മാണം പൂർത്തിയായിട്ടുണ്ട് ;

(ബി) ഇനി എത്ര കിലോമീറ്റർ ബണ്ടു നിർമ്മിക്കാൻ ബാക്കിയുണ്ട്;

(സി) ബണ്ടു നിർമ്മാണം അനിശ്ചിതമായി നീണ്ടുപോകാൻ കാരണമെന്ത് ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) 82.50 കിലോ മീറ്റർ.

(ബി) 132.50 കിലോമീറ്റർ.

(സി) പദ്ധതി പ്രവർത്തനത്തിന്റെ ആരംഭഘട്ടത്തിൽ ഭൂമി പൊന്നും വിലയ്ക്കെടുക്കുന്നതിനുണ്ടായ കാലതാമസവും നബാർഡ്/സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളും 1981 ഒക്ടോബർ മുതൽ 1983 ഡിസംബർ വരെ വായ്പാ സഹായം നിർത്തിവച്ചതും ബണ്ടു നിർമ്മാണം അനിശ്ചിതമായി നീണ്ടുപോകുന്നതിനു കാരണമായി.

LIBRARY ARCHIVES Kerala Legislative Assembly